തട്ടിക്കയറുകയാണ് ചെയ്യുന്നത്. എവിടെ പോയാലും അടികൊണ്ടേ പ്രശ്നം തീരൂ എന്നുള്ള ഒരു സമീപനം വളരെ വ്യാപകമായി കാണാം. ഇത് ട്രെയിനിംഗിലുള്ള അപാകതയാണെന്നാണ് എന്റെ വിശ്വാസം. ക്രമസമാധാനം സംരക്ഷിക്കാൻ വെറും അടിയും ലഹളയും തെറിയുമല്ല ആവശ്യമെന്നു ബോധ്യപ്പെടുത്താൻ വല്ല നടപടിയും ഈ ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾ പോലീസ് ട്രെയിനിംഗ് കോളേജുണ്ട്. അതിൽ അവർക്ക് പഠിക്കേണ്ട വിഷയത്തെപ്പറ്റി ശ്രീ. ആര്യാടൻ മുഹമ്മദിന് പറഞ്ഞു കൊടുക്കാവുന്നതേയുള്ളൂ. ശ്രീ. ജോസഫിനെയാണ് അക്കാഡമിയുടെ ലീഡറായി ഇപ്പോൾ നിയമിച്ചിരിക്കുന്നത്. ട്രെയിനിംഗ് കോളേജുണ്ട്, സെമിനാറുണ്ട്, വിദഗ്ദ്ധന്മാർ പ്രസംഗിക്കുന്നുണ്ട്, ഇതൊക്കെ കേട്ടിട്ട്..... നന്നാകേണ്ട കാര്യങ്ങളാണെങ്കിൽ ഞാനും നിങ്ങളുമൊക്കെ യോജിക്കുകയാണ്, അക്കാര്യത്തിൽ ഒരഭിപ്രായവ്യത്യാസവും ഇല്ല.

ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

2 (*302)<u>ശ്രീ. ആന്റണി രാജു</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. ടി.എസ്. ജോൺ</u> :
<u>ഡോ. കെ.സി. ജോസഫ്</u> :
<u>ശ്രീ. പി.സി. ജോർജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആശുപത്രികളിൽനിന്നും കൂടുതൽ മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇത് സംബന്ധമായ പരാതികൾ പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) വിലപിടിപ്പുള്ള ആശുപത്രി ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനുത്തരവാദികളെ കണ്ടെത്താനും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്)മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലബോറട്ടറി, എക്സ്റേ, ഇ.സി.ജി, സ്കാനിംഗ് തുടങ്ങിയവക്ക് 24 മണിക്കൂറും സൗകര്യമേർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. വി.സി. കബീർ)</u> :

(എ)&(ബി) പൊതുജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ഏറ്റവും അടുത്ത് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ എഴുപതോളം ആശുപത്രികളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളായി ഉയർത്തി. വിവിധ ജില്ലകളിലായി 25 പുതിയ ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50 ലക്ഷം രൂപ ചെലവിൽ അഞ്ച് ഇൻസിനറേറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങി വിവിധ ആശുപത്രികളിൽ സ്ഥാപിക്കുവാൻ ഭരണാനുമതി നല്കി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റാശുപത്രികളിലും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കാസർകോട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് ഓരോ പുതിയ മെഡിസിൻ കാരിയറുകൾ നൽകി. മാനന്തവാടി, പാലക്കാട്, തലശ്ശേരി, കൊല്ലം, തിരുവനന്തപുരം, ഇടുക്കി എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളിൽ പരിഷ്ക്കരിച്ച രീതിയിൽ കാറ്ററാക്റ്റ് ഓപ്പറേഷൻ നടത്തുന്നതിനു വേണ്ടി 6,69,920 രൂപ ചെലവഴിച്ച് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വാങ്ങി നൽകുകയുണ്ടായി. ദേശീയ അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി 1996-97-ലേയ്ക്ക് 141 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. 1999-2000 വർഷത്തിൽ ഇതിലേയ്ക്കായി 139.14 ലക്ഷം രൂപയുടെ ഭരണാനുമതിയും നല്കുകയുണ്ടായി. എല്ലാ ജില്ലാ ആശുപത്രികളിലും മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി വച്ചിട്ടുള്ള 210 ലക്ഷം രൂപയിൽ 120 ലക്ഷം രൂപ സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചെലവാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1998-99-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 250 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ ജില്ലാ ആശുപത്രികൾ, സാനട്ടോറിയം എന്നിവ മെച്ചപ്പെടുത്തുന്നതിനും, 50 ലക്ഷം രൂപ കട്ടിലുകൾ, കിടക്കകൾ, മരുന്നുകൾ മുതലായവ നൽകുന്നതിനും ബാക്കി രൂപ താലൂക്കാശുപത്രികൾ, മറ്റ് ഗവൺമെന്റ് ആശുപത്രികൾ എന്നിവിടങ്ങളിലുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മരുന്ന്, മറ്റ് ഉപകരണങ്ങൾ എന്നിവ നൽകുന്നതിനുമായി വകകൊള്ളിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മൊത്തം 100 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 1999-2000-ൽ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ള പദ്ധതി വിഹിതമായ 250 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള സ്റ്റാഫിന്റെ ചെലവിനും 50 ലക്ഷം രൂപ വീതം താലൂക്ക് തലത്തിനും മുകളിലുള്ള ആശുപത്രികൾക്കുവേണ്ടിയുള്ള യന്ത്രസാമഗ്രികൾക്കും മറ്റ് ഉപകരണങ്ങൾക്കുമായും നീക്കിവച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾക്ക് മുകളിലുള്ള ആശുപത്രികളിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി 50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളെ സംബന്ധമായ വിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) വസ്തുനിഷ്ഠമായ പരാതികൾ ലഭിച്ചാലുടൻ ഉചിതമായ മേൽനടപടി സ്വീകരിക്കുന്നുണ്ട്.

(ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവർത്തനരഹിതമായ ഉപകരണങ്ങൾ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വാർഷിക മെയിന്റനൻസ് കരാർ ഉറപ്പു വരുത്തുന്നതിനാൽ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സി.ടി.സ്കാൻ ഒഴികെയുള്ള സൗകര്യങ്ങൾ 24 മണിക്കൂറും ഇപ്പോൾ ലഭ്യമാണ്. സി.ടി. സ്കാൻ സൗകര്യം തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ മാത്രമേയുള്ളൂ. ആ ആശുപത്രികളിൽ അത് ലഭ്യമാണ്.

ശ്രീ. ആന്റണി രാജു : ഇന്നത്തെ പല പ്രധാന പത്രങ്ങളിലും വാർത്ത കളായി വന്ന ഒന്ന് രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധ യിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് പോയി പരിക്കേറ്റ ഒരു യുവാവിന് ചികിത്സ ലഭിക്കാൻ വൈകിയതുമൂലം രക്തം വാർന്നൊലിച്ച് മരണമടയേണ്ടി വന്നു. അതുപോലെ കാഷ്വാലിറ്റിയിൽവച്ച് മരിച്ച സ്ത്രീയെ ചികിത്സയ്ക്കു വേണ്ടി വാർഡിലേയ്ക്ക് മാറ്റിയ സംഭവവും ഉണ്ട്. ഇത് രണ്ടും നടന്നത് തിരുവ നന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. മെഡിക്കൽ കോളേജ് ആശുപത്രി കാഷ്വാലിറ്റിയിൽ ഹൗസ് സർജനും മെഡിക്കൽ വിദ്യാർത്ഥികളു മാണ് പലപ്പോഴും ഡ്യൂട്ടിയിലുണ്ടാകുന്നത്. മെഡിക്കൽ കോളേജ് ആശുപത്രി യുടെ കീഴിലെങ്കിലും സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി ഇത്തരം ദാരുണമായ സംഭവങ്ങളൊഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് അടിയന്തിരമായി പരിഗണിക്കുമോ?

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട ആന്റണി രാജു പറഞ്ഞ കാര്യ ങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. ഇത്തരം ദൗർഭാഗ്യകരങ്ങളായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരി ക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ആളുകളെ ഇന്നത്തെ ചോദ്യോത്തര സമ യത്തിനുശേഷം കാണുന്നതിന് ഏർപ്പാട്ചെയ്തിട്ടുണ്ട്.

ശ്രീ. ആന്റണി രാജു : നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളോടനു ബന്ധിച്ച് എം.പി. ഫണ്ടുപയോഗിച്ച് ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഉള്ള കെട്ടിടങ്ങളിൽത്തന്നെ സ്ഥലസൗകര്യമില്ലാതെ ജനങ്ങൾ വിഷമിക്കു മ്പോൾ എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ പൂട്ടിയിട്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡല ത്തിലെ വലിയതുറ ആശുപത്രിയോടനുബന്ധിച്ചും പൂന്തുറയിലെ ഹെൽത്ത് സെന്ററിനോടനുബന്ധിച്ചും രണ്ടു ഭീമമായ കെട്ടിടങ്ങളുടെ പണിപൂർത്തിയാ ക്കിയിട്ട് വർഷങ്ങളായി ഇതുവരെ അത് പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്റ്റാഫി ല്ലാത്തതാണ് ഒരു പ്രധാന പ്രശ്നമായി പറയുന്നത്. സ്റ്റാഫിനെ അലോട്ട് ചെയ്യാത്തതുകൊണ്ടാണ് കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാ ത്തതെന്നാണ് പറയുന്നത്. ആരോഗ്യപരമായി പിന്നോക്കം നിൽക്കുന്ന തീരപ്ര ദേശത്തെ ആശുപത്രികൾക്കെങ്കിലും പ്രാധാന്യം കൊടുത്തുകൊണ്ട് ഇത്തരം കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : എം.പി. ഫണ്ട് ഉപയോഗിച്ച് മുപ്പതോളം കെട്ടിട ങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പക്ഷേ ബഡ്ജറ്റ് പ്രൊവിഷനിൽ അതിന് ആളെ നിയമി ക്കുന്നതിനുള്ള അനുമതി നൽകിയിരുന്നില്ല. സ്റ്റാഫിന്റെ അപര്യാപ്തതമൂലം കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഈ ആശുപത്രികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ അനുവദിക്കണമെന്ന് ധനാഭ്യർത്ഥന വഴി ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി.എസ്. ജോൺ : ഇപ്പോൾ ആശുപത്രികളുടെ പ്രവർത്തനം ജില്ലാ പഞ്ചായത്തുകളേയും താലൂക്കാശുപത്രികളുടെ പ്രവർത്തനം ബ്ലോക്ക്

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളേയുമാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ? ഇവയെ ഭരണം ഏൽപ്പി ക്കുന്നതിനുമുമ്പുള്ള സ്ഥിതിഗതിയേക്കാൾ എത്രമാത്രം ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.സി. കബീർ : ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിനോ ടനുബന്ധിച്ച് ജില്ലാ ആശുപത്രികളുടേയും താലൂക്കാശുപത്രികളുടേയും ഭര ണസംവിധാനവും നിയന്ത്രണവും ജില്ലാ പഞ്ചായത്തുകളേയും ബ്ലോക്ക് പഞ്ചായത്തുകളേയും ഏൽപ്പിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളുടെ ഭരണസംവി ധാനം ഏൽപ്പിച്ചിട്ട് മാസങ്ങളായിട്ടേയുള്ളൂ. താലൂക്കാശുപത്രികളുടെ പ്രവർത്തനം ഏൽപ്പിച്ചിട്ട് കുറച്ചു മാസങ്ങളായിട്ടേയുള്ളൂ. അവയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുന്നതിനുള്ള സമയമായിട്ടില്ല. എന്നാൽത്തന്നെയും നിയമസഭാ സമ്മേളനത്തിനുശേഷം എല്ലാ ജില്ലകളി ലേയും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ച് ചർച്ച ചെയ്ത് ഓരോ ജില്ലയിലേയും കാര്യങ്ങൾ വിലയിരുത്താൻ തീരുമാനിച്ചിട്ടു ണ്ട്.

ശ്രീ. ടി.എസ്. ജോൺ : നമ്മുടെ സംസ്ഥാനത്ത് എത്ര താലൂക്കാശുപ ത്രികളിൽ ആവശ്യത്തിനുള്ള സ്റ്റാഫ് സ്ട്രെങ്ത് ഇല്ല; ഓരോ താലൂക്കാശുപ ത്രകളിലും ഇത്ര സ്റ്റാഫ് വേണമെന്ന് നിബന്ധനയുണ്ടല്ലോ. ആ നിബന്ധന അനുസരിച്ച് സ്റ്റാഫ് സ്ട്രെങ്തില്ലാത്ത താലൂക്കാശുപത്രികൾ ഏതൊക്കെ യാണു? പ്രത്യേകിച്ച് മല്ലപ്പള്ളി താലൂക്കാശുപത്രി സ്ഥാപിച്ചിട്ട് ഏകദേശം പത്ത് കൊല്ലത്തോളമായി. അവിടെ ഡോക്ടർമാരുമില്ല മറ്റ് സ്റ്റാഫുമില്ല. ആ താലൂക്കാശുപത്രിയുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അവിടെ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരി ക്കുമോ?

ശ്രീ. വി.സി. കബീർ : സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരുടെ കുറവുള്ള താലൂക്കാശുപത്രികൾ വളരെ കുറച്ചു സ്ഥലങ്ങളിൽ മാത്രമേയു ള്ളൂ. മല്ലപ്പള്ളി അതിലൊന്നാണ്. അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നട ത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഗവൺമെന്റ് ആശുപത്രികളുടെ സേവനം കാര്യക്ഷമമാക്കാൻവേണ്ടി, ആശുപത്രിയിൽ സേവനം അനുഷ്ഠി ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ നികത്തേണ്ടത് അത്യാവശ്യമായിരിക്കെ തസ്തികകൾ പലയിടത്തും ഒഴിഞ്ഞുകിടക്കുന്നുവെ ന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രത്യേകിച്ച് ഗൈനക്കോളജിസ്റ്റിന്റെ തസ്തികകൾ ഒഴിവായിക്കിടക്കുമ്പോൾ പൊതുജന ങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടി സ്വീക രിക്കും?

ശ്രീ. വി.സി. കബീർ : സർ, ഡോക്ടർമാരുടെ അഭാവം വളരെക്കൂടുത ലാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഔദ്യോഗികമായി 362 ഡോക്ടർമാരുടെ കുറവ് ഇപ്പോൾ ഉണ്ട്. ജോയിൻചെയ്ത് ലീവെടുത്തുപോയവരുടെ കണക്ക് ലഭ്യമല്ല. 362 ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. 400 പേരുടെ ലിസ്റ്റാണ് ആവശ്യപ്പെട്ടിട്ടുള്ളത്. മറ്റൊരു കാര്യം, പി.എസ്.സി. നിയമനമനുസരിച്ച് ജോയിൻചെയ്ത ചെറുപ്പ ക്കാരായ ഡോക്ടർമാർ ജോയിൻ ചെയ്ത പിറ്റേ ദിവസം മുതൽ സ്ഥലംവിടു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. അങ്ങനെ വല്ലാത്ത ഒരു ബുദ്ധിമുട്ട് ആരോഗ്യ വകുപ്പ് നേരിടുന്നുണ്ട്. ഗൈനക്കോളജിസ്റ്റുമാരുടെ കുറവും ആരോഗ്യ വകുപ്പിന് ഒരു പ്രശ്നമാണ്. സ്ത്രീകൾക്കാണെങ്കിൽ ലേഡി ഡോക്ടർ തന്നെ വേണമെന്നുള്ള ഒരു പ്രശ്നവുമുണ്ട്. ആ നിലയിൽ ഗൈനക്കോളജിസ്റ്റുമാരുടെ കുറവ് എങ്ങനെ നികത്താമെന്ന് ആലോചിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, ആശുപത്രിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ വിതരണ രംഗത്ത് ശ്രദ്ധിക്കേണ്ട ഒട്ടേറെ കാര്യങ്ങൾ ഉണ്ടെന്ന് തോന്നുന്നു. ഇപ്പോൾ സ്വകാര്യ കമ്പനികളാണ് ബ്രഡ്ഡും മിൽക്കും സപ്ലൈ ചെയ്യുന്നത്. ഇപ്പോൾ കുത്തുപറമ്പ് ആശുപത്രിയിൽ ഒരു പരാതിയുണ്ട്. മോഡേൺ ബ്രഡ്ഡ് ഒരുമിച്ച് അവിടെ കൊണ്ടുവരുന്നു. പൂപ്പലുള്ള ബ്രഡ്ഡായിരിക്കും ചിലപ്പോൾ അവിടെ കിട്ടുന്നത്. ഭക്ഷ്യ വസ്തുക്കൾ സപ്ലൈ ചെയ്യാനുള്ള ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ഗ്രാമീണ ഉൽപ്പാദകർക്ക് നൽകുകയാണെങ്കിൽ ഈ വിഷമാവസ്ഥ ഉണ്ടാകുകയില്ല. പ്രത്യേകിച്ച് മോഡേൺ ബ്രഡ്ഡ് ബഹുരാഷ്ട്ര കുത്തക കമ്പനി ഏറ്റെടുക്കുമെന്നാണ് കേട്ടത്. അത് ഗ്രാമത്തിലൂടനീളം പടരുന്നതിന് മുമ്പ് ആശുപത്രികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാനുള്ള ചുമതല ഗ്രാമീണ ഏജൻസികളെ ഏൽപ്പിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കുമോ?

ശ്രീ. വി.സി. കബീർ : സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ആശുപത്രികളിലെ ഭക്ഷ്യ വിതരണത്തെ സംബന്ധിച്ച് ഒട്ടേറെ പരാതികളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ച പരാതി എനിക്ക് അയച്ചുതന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായം ഞങ്ങൾ തേടുകയാണ്. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. മോഡേൺ ബ്രഡ്ഡിനെക്കുറിച്ചുള്ള പരാതിയല്ല, ബ്രഡ്ഡ് ആശുപത്രിയിലെത്തുന്നത് വൈകുന്നുണ്ട്. ഞാൻ ഈ അടുത്ത ദിവസം മാനന്തവാടി ആശുപത്രി സന്ദർശിക്കുകയുണ്ടായി. അവിടെ പഴകിയ ബ്രഡ്ഡാണ് നൽകിയിട്ടുള്ളത്. അത് രോഗികൾക്ക് കൊടുക്കുന്നതിനോട് ഗവൺമെന്റിന് വിയോജിപ്പുണ്ട്. ഭക്ഷ്യ സാധനങ്ങൾ ഏറ്റവും പുതിയത്, ചൂടോടെതന്നെ രോഗികൾക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായിട്ടുള്ള ചർച്ചയോടനുബന്ധിച്ച് ഇതിനെസംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പ്രവർത്തനത്തിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി.എഫ്. തോമസ് : സർ, എല്ലാ താലൂക്ക് ആശുപത്രികളിലും സ്കാനിംഗിന് മെഷീൻ ഏർപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടാകും. മിനിമം ലബോറട്ടറി, എക്സ്റേ, ഇ.സി.ജി. തുടങ്ങിയവ എല്ലാ താലൂക്കാശുപത്രിയിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, ഇപ്പോൾത്തന്നെ അങ്ങനെ ഒരു വകുപ്പുണ്ട്. സൗകര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ട്. പലയിടത്തും എക്സ്റേയുണ്ടെങ്കിലും എക്സ്റേ ടെക്നീഷ്യൻമാർ കാണുകയില്ല, ലാബിൽ ആവശ്യമായ സ്റ്റാഫ് ഇല്ല, അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതുപോലെതന്നെ ചില ആശുപത്രികളിൽ കേടുവന്ന എക്സ്റേ മെഷീൻ റിപ്പയർ ചെയ്യാതെ അലംഭാവം വരുത്തി മറ്റ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, അസാധാരണമായ ഒരു സംഭവ മാണ് കണ്ണൂർ ജില്ലയിലുണ്ടായത്. കണ്ണൂർ ജില്ലാ ആശുപത്രിയിലെ വൈദ്യുതി കണ്കഷൻ വിച്ഛേദിക്കുകയുണ്ടായി. ഇപ്പോൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്ര ണത്തിലാണ് ജില്ലാ ആശുപത്രികളുള്ളതെങ്കിലും 47 ലക്ഷം രൂപയുടെ ബിൽ അടച്ചുതീർക്കാൻ കുടിശ്ശികയുള്ളതുകൊണ്ടാണ് വൈദ്യുതിലൈൻ വിച്ഛേദി ച്ചത്. ജില്ലാപഞ്ചായത്ത് ഗവൺമെന്റുമായി ബന്ധപ്പെട്ടിരുന്നു. തൽക്കാലം ലൈൻ കിട്ടിയെന്നതിനപ്പുറം 47 ലക്ഷം രൂപ അടയ്ക്കാനുണ്ട്. ജില്ലാ പഞ്ചായ ത്തിനാണെങ്കിൽ 47 ലക്ഷം രൂപ അടച്ചുതീർക്കാൻ സാധിക്കുകയുമില്ല. ഇതി നാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി.സി. കബീർ : സർ, കണ്ണൂർ ജില്ലാ ആശുപത്രിയിലുണ്ടായത് വളരെ ഗൗരവതരമായ കാര്യമാണ്. ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ചെയ്തുതീർക്കേണ്ട കുടിശ്ശികയുടെ പ്രശ്നമായിരുന്നു. 47 ലക്ഷം രൂപ ജില്ലാ ആശുപത്രി ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡ് ഈ ആശുപത്രിയെ അന്ധകാരത്തിലാക്കി. ഗവൺമെന്റ് ഇടപെട്ടതിനുശേഷമാണ് അവിടെ വെളിച്ചം വന്നത്. അവസാനം ഒന്നുകൂടി ചെയ്തു. സ്ത്രീകളുടേയും കുട്ടികളുടേയും വാർഡിൽ ലൈറ്റ് ഇടു കയും സ്റ്റാഫ് നഴ്സുമാർ താമസിക്കുന്ന സ്ഥലത്ത് ലൈറ്റ് ഊരിക്കൊണ്ടു പോകുകയും ചെയ്തു. ഇലക്ട്രിസിറ്റി മിനിസ്റ്ററുമായി സംസാരിച്ച് ശാശ്വത മായ പരിഹാരമുണ്ടാക്കുന്നതിന് ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശൂരിൽ ഇൻഡ്യൻ മെഡി ക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹായ ത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഭവം സമാഹരിച്ച് ഒരു ബ്ലഡ് ബാങ്ക് തുടങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു പല ജില്ലകളിലും പുതിയ ബ്ലഡ് ബാങ്ക് തുറന്നുവെന്ന്. തൃശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഐ.എം.എ. ആരംഭിച്ചിട്ടുള്ള ബ്ലഡ് ബാങ്കിന് ആവശ്യമായ സംഖ്യ, സർക്കാർ ഗ്യാരന്റി കൊടുക്കുകയാണെ ങ്കിൽ ഹഡ്കോ, നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്ന കാര്യം പരിഗണിക്കുമോ, അല്ലെങ്കിൽ സർക്കാരിൽനിന്ന് ഗ്രാന്റ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, പലയിടത്തും ബ്ലഡ് ബാങ്ക് തുടങ്ങണ മെന്ന നിർദ്ദേശം വന്നിട്ടുണ്ട്. വളരെ സൂക്ഷ്മതയോടെ കൈകാര്യംചെയ്യേണ്ട ഒരു കാര്യമാണ്. കപ്പാസിറ്റിയുള്ള, സാങ്കേതികമായ കഴിവുകളുള്ള സ്ഥാപന ങ്ങൾ ആവശ്യപ്പെട്ടാൽ അവ പരിശോധിച്ച് അതിനാവശ്യമായ അനുമതി നൽകുന്നതാണ്. ഗ്യാരന്റി കൊടുക്കുന്നതിന് ഗവൺമെന്റിന് സാധിക്കുകയില്ല. സബ്സിഡി കൊടുക്കാൻ ചില പ്രൊവിഷൻസ് ഉണ്ട്. അതനുസരിച്ച് അപേക്ഷ വരുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി.എസ്. സുപാൽ : സർ, നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് അറു പതോളം എഫ്.ആർ.യു, ആരംഭിച്ചതായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറ യുകയുണ്ടായി. ആദ്യമായി നമ്മുടെ സംസ്ഥാനത്ത് എഫ്.ആർ.യു. സ്ഥാപി ച്ചത് പുനലൂർ താലൂക്ക് ആശുപത്രിയിലാണ്. പ്രധാനമയ ഒരു പ്രശ്നം നില നിൽക്കുന്നത് എഫ്.ആർ.യു.വിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണോ ആ സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. അതുകൊണ്ട് നിർദ്ദേശിച്ചിട്ടുള്ളതുപോലുള്ള സൗകര്യങ്ങൾ അവിടെ ക്രമീകരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : പരാതികളെ സംബന്ധിച്ച് ഒരു കത്ത് തന്നാൽ കഴിയുന്നതും വേഗം തീരുമാനിക്കാം.

ശ്രീ. തമ്പാനൂർ രവി : സർ, താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഹ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. കേരളത്തിലെ പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിലെങ്കിലും ഇതിനുള്ള സൗകര്യമേർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി.സി. കബീർ : സർ, വളരെ സാമ്പത്തിക ബാദ്ധ്യതയും അതുപോലെ ഉപകരണങ്ങളും മറ്റും ആവശ്യമായിട്ടുള്ള കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അത് ഈ സ്റ്റേജിൽ ആലോചിക്കാൻ പറ്റുകയില്ല, അടുത്ത സ്റ്റേജിൽ ആലോചിക്കാം. ബാദ്ധ്യതകളുള്ള ഒരു കാര്യമാണ്.

ശ്രീ. പി. രാഘവൻ : സർ, ബ്ലഡ് ബാങ്കില്ലാത്ത ജില്ലാ ആശുപത്രികൾ കേരളത്തിൽ എവിടെയെങ്കിലും ഉണ്ടോ? കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കില്ലാത്തതുകൊണ്ട് വളരെ പ്രയാസമുണ്ട്. കാസർഗോഡ് ജില്ലയിലുള്ളവരൊക്കെ മംഗലാപുരത്താണ് പോകേണ്ടിവരുന്നത്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, എല്ലാ ജില്ലാ ആശുപത്രികളിലും ബ്ലഡ് ബാങ്ക് വേണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഇല്ല എന്ന് മനസ്സിലാക്കിയിട്ടുണ്ട്. അവിടെ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താനുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ചതിന് ശേഷം അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, കാസർഗോഡ് താലൂക്ക് ആശുപത്രിയോടനുബന്ധിച്ചുള്ള 200 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം ഫണ്ടിന്റെ അപര്യാപ്തതമൂലം വളരെ വർഷങ്ങളായി മന്ദഗതിയിലാണ്. അതുകൊണ്ട് അടിയന്തിരമായി അതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, ജില്ലാ പഞ്ചായത്തുകളേയും ബ്ലോക്ക് പഞ്ചായത്തുകളേയും ഭരണം ഏൽപ്പിച്ചിട്ടുണ്ടെങ്കിലും, അവർക്ക് ഫണ്ട് അനുവദിച്ച് കൊടുത്തിട്ടുണ്ടെങ്കിലും നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഗവൺമെന്റുതന്നെ പൂർത്തീകരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ആശുപത്രിയുടെ നിർമ്മാണം ഗവൺമെന്റ് പൂർത്തീകരിക്കും.

ശ്രീ. ടി. നാണു മാസ്റ്റർ : എല്ലാവർക്കും മെച്ചപ്പെട്ട ചികിത്സാ സമ്പ്രദായം ലഭ്യമാക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. താലൂക്ക് ഹെഡ്ക്വോർട്ടേഴ്സുകളില്ലാത്ത ചില താലൂക്കുകൾ കേരളത്തിൽ ഉണ്ട്. ഈ നൂറ്റാണ്ടിലെങ്കിലും അടിയന്തിരമായി കഴിഞ്ഞ നൂറ്റാണ്ടിൽ എ.എസ്.ഉം എസ്.എസ്.ഉം ലഭിച്ച ശാസ്താംകോട്ട താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ കണ്ടെത്തി പണി ടെന്റർ ചെയ്ത് പൊതുജനങ്ങളെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : അത് അന്വേഷിച്ചതിനുശേഷമേ മറുപടി പറയാൻ പറ്റുകയുള്ളൂ. എന്റെ കയ്യിൽ അതിന്റെ രേഖകളില്ല.

അനധികൃത ഗ്യാസ് സിലിണ്ടർ വിതരണം

3 (*303)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികൾ പാചകവാതക സിലിണ്ടറുകൾ തിരിമറി നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി 1999 ഡിസംബർ മാസത്തിൽ ഹോട്ടലുകളിലും മറ്റും റെയിഡ് നടത്തിയിരുന്നോ;

(സി) എങ്കിൽ എവിടെനിന്നെല്ലാം അനധികൃതമായി ഉപയോഗിച്ചിരുന്ന ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ഗ്യാസ് ഏജൻസികളുമായി ബന്ധപ്പെട്ട സിലിണ്ടറുകൾ പിടിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി ഗ്യാസ് സിലിണ്ടർ വിതരണം ചെയ്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇടയ്ക്കിടയ്ക്ക് ഗ്യാസ് ഏജൻസികളിൽ പരിശോധന നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ :

(എ) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റെയ്ഡ് നടത്തിയിരുന്നു,

(സി)&(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശൂർ ജില്ലകളിൽ ചില ഏജൻസികൾ തിരിമറി നടത്തിയതായി കണ്ടെത്തുകയും ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അവയെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഓയിൽ കമ്പനികളുടെ പ്രതിനിധികളേയും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഇടയ്ക്കിടെ റെയ്ഡുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് നേതൃത്വം നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : (സി) ഉപചോദ്യത്തിന്റെ അനുബന്ധമായി ബഹുമാനപ്പെട്ട മന്ത്രി നൽകിയ രേഖയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ കാര്യം ഇതിൽ വളരെ വ്യാപകമായി തിരിമറി നടക്കുന്നുണ്ടെന്നാണ്. തിരുവനന്തപുരം ജില്ലയിലെ 3 ഹോട്ടലുകളിൽ നിന്നുമായി 17 ഗ്യാസ് സിലിണ്ടറുകളെങ്കിലും പിടിച്ചെടുത്തു. കൊല്ലത്തെ 30 ഹോട്ടലുകളിൽനിന്ന് 24

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിറ്റി - എ.പി.എസ്.ഐ.1, പി.സി.3
എറണാകുളം സിറ്റി - എ.പി.എസ്.ഐ.1, എ.പി.എ.എസ്.ഐ.2, പി.സി.1
കോഴിക്കോട് സിറ്റി - എ.പി.എസ്.ഐ.1, എ.പി.എ.എസ്.ഐ.2, പി,സി.1

അനുബന്ധം - II

6.3.2000-ലെ ചോദ്യം നമ്പർ 2 (*302)-ന്റെ ഉത്തരം കാണുക.

മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം സംബന്ധിച്ച്

സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം സംബന്ധിച്ച് സ്ഥല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ആശുപത്രി സമുച്ചയങ്ങൾ പണിയുന്നതിനും നടപടികൾ നടന്നുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (10 നിലകളിലുള്ളത്) നിർമ്മാണം പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 400 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ആലപ്പുഴയിൽ വണ്ടാനത്തുള്ള ആശുപത്രി സമുച്ചയത്തിന്റെ ഒ.പി. ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.

നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്ഥല പരിമിതികൾ, ടി കെട്ടിടങ്ങൾ കമ്മീഷൻ ചെയ്യുന്നതോടുകൂടി പരിഹരിക്കാനാവും.

മെഡിക്കൽ കോളേജുകളിലെ ചികിത്സാ രീതികൾ മെച്ചപ്പെടുത്തുന്നതിനായി 1997-'98 1998-'99 വർഷങ്ങളിൽ ഏകദേശം 5 കോടിയോളം രൂപയ്ക്കുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുകയുണ്ടായി. (വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.)

1999-2000 വർഷത്തിൽ ഏകദേശം 1 കോടിയോളം രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഉത്തരവ് ഇതിനോടകം നല്കിക്കഴിഞ്ഞു.

വിശദവിവരങ്ങൾ

തിരുവനന്തപുരം

1.	ഐ.സി.വെന്റിലേറ്റർ	:	6.10 ലക്ഷം രൂപ
2.	കോളോണോസ്കോപ്പ്	:	7.40 ലക്ഷം രൂപ
3.	ഫക്ഷണൻ സൈനസ് സർജറി ഉപകരണം	:	7.00 ലക്ഷം രൂപ
4.	വീഡിയോ സിസ്റ്റം എന്റോസ്ക്കോപ്പ്	:	5.00 ലക്ഷം രൂപ
5.	ിയോനറ്റർ വെന്റിലേറ്റർ	:	6.98 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്

ഗാസ്ട്രോസുയോഡിനോസ്ക്കോപ് : 8.87 ലക്ഷം

ആലപ്പുഴ

സി.സി.ആം. ഇമേജ് ഇന്റൻസിഫയർ : 20.00 ലക്ഷം രൂപ

സി.സി.എം. നീഡിൽസ് : 24 ലക്ഷം രൂപ

കോട്ടയം

വോള്യം സൈക്കിൾസ് വെന്റിലേറ്റർ : 5.70 ലക്ഷം

ട്രെഡ്മിൽ എക്സർസൈസ് മെഷീൻ : 10 ലക്ഷം

തൃശ്ശൂർ

സി.ആം. ഇമേജ് ഇന്റൻസിഫയർ : 17.95 ലക്ഷം

കൂടാതെ 50 ലക്ഷത്തോളം രൂപക്കുള്ള ഉപകരണങ്ങൾ ഈ വർഷം തന്നെ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിലേയ്ക്ക് 21 ലക്ഷം രൂപയ്ക്കുള്ള ഹാർട്ട് ലംഗ് മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്.

ഈ വർഷം മെഡിക്കൽ കോളേജ് ആശുപത്രികളിലേയ്ക്ക് മരുന്നുകളും മറ്റു സാധന സാമഗ്രികളും വാങ്ങുന്നതിന് 22.95 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഏകദേശം 70% ത്തോളം തുക ഇതിന് വേണ്ടി ചെലവാക്കിക്കഴിഞ്ഞു.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞവർഷം 252 തസ്തികകൾ വിവിധ മെഡിക്കൽ കോളേജുകളിൽ സൃഷ്ടിച്ചിട്ടുണ്ട്.

എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹികവിഭാഗം നവീകരിക്കുന്നതിനും ട്രോമാ കെയർ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ട്രോമാ കെയർ സെന്ററുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly